# മിയാവാക്കി വനത്തിൽ വിരുന്നെത്തിയത് സൈരന്ധ്രി നത്ത്

മനോരമ ലേഖകൻ
MAY 21, 2020 02:52 PM IST

നഗരങ്ങളിൽ അപൂർവമായി കാണുന്ന സൈരന്ധ്രി നത്തിനെ പോലുള്ള അത്യപൂർവ പക്ഷികൾ തിരുവനന്തപുരം കനകക്കുന്നിലെ മിയാവാക്കി വനത്തിൽ വിരുന്നെത്തി. മഞ്ഞക്കണ്ണുകളുള്ള നത്തുകളുടെ സാന്നിധ്യം കാരണം മിയാവാക്കി വനപ്രദേശം പ്രകൃതി സ്നേഹികളുടെ പ്രിയപ്പെട്ട ഇടമായി മാറി. 2019 ജനുവരിയിലാണ് വിനോദ സഞ്ചാര വകുപ്പിന്റെ സ്ഥലത്ത് നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനും ഇൻവീസ് മൾട്ടി മീഡിയയും കൾച്ചർ ഷോപ്പിയും ചേർന്ന് മിയാവാക്കി മാതൃകാ വനം നട്ടു പിടിപ്പിച്ചത്.

18 മാസം കൊണ്ട് മരങ്ങൾ 31 അടി വരെ ഉയരം വച്ചു. ചില മരങ്ങൾക്ക് 40 സെന്റീ മീറ്റർ വണ്ണമായി. ഇടതൂർന്ന പച്ചപ്പും ഉള്ളിലേക്ക് പ്രകാശം വീഴുന്നില്ല എന്നതുമായിരിക്കാം സൈരന്ധ്രി നത്തിനെ ആകർഷിച്ചതെന്നാണ് വിലയിരുത്തൽ. സൂര്യപ്രകാശത്തിന് വേണ്ടിയുള്ള മത്സരവും, ഉയർന്ന ഹ്യുമിഡിറ്റിയുമാണ് മിയാവാക്കി വനങ്ങൾ വേഗത്തിൽ വളരാൻ കാരണമെന്ന് പാലോട് ബൊട്ടാണിക്കൽ ഗാർഡനിലെ ഡോ. മാത്യു ഡാൻ പറഞ്ഞു.

16 മാസം കൊണ്ടുള്ള വളർച്ച അഭൂതപൂർവവുമാണെന്നും ഡോ. മാത്യു ഡാൻ പറയുന്നു. കൂടുതൽ പ്രദേശങ്ങളിൽ മിയാവാക്കി മാതൃകാ വ്യാപിപ്പിക്കുമെന്നു നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ ചെയർമാനും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ പ്രഫ: വി.കെ.ദാമോദരനും അറിയിച്ചു.